# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

2242/2012.

# സബ്ജക്ട് കമ്മിറ്റി VIII—സാമ്പത്തിക കാര്യങ്ങൾ

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, വി. ചെന്താമരാക്ഷൻ

,, കോവൂർ കുഞ്ഞുമോൻ

,, മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ (ബിൽ നമ്പർ 142), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ, 2012 ഒക്ടോബർ 30-ാം തീയതി സാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2012 ഡിസംബർ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2012 ഡിസംബർ 11-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 4

ഖണ്ഡം 4 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"4. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.".

ഖണ്ഡം 9

ഖണ്ഡം 9 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"9. ശിക്ഷ.—(1) 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

(ബി) ഏതെങ്കിലും വായ്പ ഈടാക്കുന്നതിലേക്കായി ഏതെങ്കിലും അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ അങ്ങനെ പീഡിപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ഒരുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

ആകുന്നു.

(2) വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും ആളോ അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയും തത്ഫലമായും, അതിനെ തുടർന്നും അധമർണ്ണൻ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നിടത്ത്, വായ്പ നൽകിയ ആൾ, കുറ്റസ്ഥാപനത്തിൻമേൽ, അഞ്ചുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.".

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2012 ഡിസംബർ 11.

**കെ.എം. മാണി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

## വിയോജനക്കുറിപ്പ്

1. "മണി ലെൻഡേഴ്സ് ആക്ട്" ഉചിതമായ ഭേദഗതികളോടെ എല്ലാ ബാങ്കേതര ധനകാര്യ സ്ഥാപനങ്ങളുടെമേലും ഈ ആക്ടിന് ആവശ്യമായ നിയന്ത്രണാവകാശവും പണമിടപാട് സംവിധാനത്തെ ശുദ്ധീകരിക്കുവാനുതകുംവിധം നിയമം ശക്തിപ്പെടുത്തേണ്ടതാണ്.

2. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെക്കൂടി വ്യക്തമായി പലിശനിയന്ത്രണത്തിന് വിധേയമാക്കി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ നിയമം വേണ്ട ഭേദഗതി വരുത്തി ശക്തിപ്പെടുത്തേണ്ടതാണ്.

3. ഈ ആക്ടിലെ വ്യവസ്ഥകൾ കൂടുതൽ കർക്കശവും ജനപക്ഷവും ആക്കുന്നതിനുവേണ്ട ഭേദഗതികൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. ഡോ. ടി. എം. തോമസ് ഐസക് (ഒപ്പ്)
2. മുല്ലക്കര രത്നാകരൻ (ഒപ്പ്)
3. പ്രൊഫ. സി. രവീന്ദ്രനാഥ് (ഒപ്പ്)
4. വി. ചെന്താമരാക്ഷൻ (ഒപ്പ്)
5. കോവൂർ കുഞ്ഞുമോൻ (ഒപ്പ്)

# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

(വരത്തുവരച്ചത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.)

കേരള സംസ്ഥാനത്ത് അമിതപലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിതപലിശ ഈടാക്കുന്നതിന് കടുത്തശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് അമിതപലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്തശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ആഗസ്റ്റ് 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ദിവസവട്ടി" എന്നാൽ 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശനിരക്കിനേക്കാൾ കൂടിയ നിരക്കിൽ, ദിവസാടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു;

(ബി) "അധമർണ്ണൻ" എന്നാൽ അമിതപലിശയ്ക്ക് വായ്പ സ്വീകരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(സി) "അമിതപലിശ" എന്നതിൽ ദിവസവട്ടിയും മണിക്കൂർവട്ടിയും കണ്ടുവട്ടിയും മീറ്റർവട്ടിയും തണ്ടലും ഉൾപ്പെടുന്നതാകുന്നു ;

(ഡി) "മണിക്കൂർവട്ടി" എന്നാൽ 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശനിരക്കിനേക്കാൾ കൂടിയ നിരക്കിൽ, മണിക്കൂർ അടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു;

(ഇ) "കണ്ടുവട്ടി" എന്നാൽ 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശനിരക്കിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു;

(എഫ്) "വായ്പ" എന്നാൽ ദിവസവട്ടിക്കോ മണിക്കൂർവട്ടിക്കോ കണ്ടുവട്ടിക്കോ മീറ്റർവട്ടിക്കോ തണ്ടലിനോ വേണ്ടി മുൻകൂറായി പണം നൽകൽ എന്നർത്ഥമാകുന്നു;

(ജി) "മീറ്റർവട്ടി" എന്നാൽ നിശ്ചിത സമയത്തിനകം തിരിച്ചടയ്ക്കാത്ത വായ്പാത്തുകയ്ക്ക്, ഓരോ ദിവസത്തിനും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശനിരക്കിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു;

(എച്ച്) "തണ്ടൽ" എന്നാൽ 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കുന്നതും വായ്പ്പാത്തുകയുടെ ഭാഗത്തോടൊപ്പം ദിവസേന ഈടാക്കേണ്ടതുമായ പലിശ എന്നർത്ഥമാകുന്നു;

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് യഥാക്രമം ആ ആക്റ്റിൽ നൽകിയിരിക്കുന്ന അതേ അർത്ഥംതന്നെ ഉണ്ടായിരിക്കുന്നതാണ്.

3. അമിതപലിശ ഈടാക്കുന്നതിനുള്ള നിരോധനം.—യാതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിതപലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു.

4. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.

5. കോടതി മുമ്പാകെ പണം കെട്ടിവയ്ക്കലും ഹർജി സമർപ്പിക്കലും അതുമായി ബന്ധപ്പെട്ട നടപടിക്രമവും.—(1) ഒരു അധമർണ്ണന്, അയാൾ ഏതെങ്കിലും ആളിൽനിന്ന് വായ്പയായി സ്വീകരിച്ച പണവുമായി ബന്ധപ്പെട്ട് കൊടുക്കേണ്ടതായ പണം, 1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള പലിശസഹിതം

കെട്ടിവച്ച തുക, വായ്പയും അതിന്റെ പലിശയും ഉൾപ്പെടെ, പൂർണ്ണമായോ ഭാഗികമായോ, അതതു സംഗതിപോലെ, അടച്ചുതീർക്കുന്നതിലേക്കാണെന്ന് രേഖപ്പെടുത്തുന്നതിനുള്ള ഒരു ഹർജിയോടൊപ്പം അധികാരിതയുള്ള കോടതിയിൽ കെട്ടിവയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഹർജി ലഭിച്ചാൽ, കോടതി, കേസിനെ സംബന്ധിച്ച് ഹർജിയിൽ സൂചിപ്പിച്ചിട്ടുള്ള ആളുടെ ഭാഷ്യം പതിനഞ്ച് ദിവസ കാലയളവിനകമോ കോടതി അനുവദിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റു സമയത്തിനകമോ നൽകുവാൻ നിർദ്ദേശം നൽകിക്കൊണ്ട് അയാൾക്ക് ഹർജിയുടെ ഒരു പകർപ്പ് നൽകേണ്ടതാണ്. കോടതിക്ക്, ആവശ്യമായ അന്വേഷണത്തിനും കക്ഷികളുടെ ഭാഷ്യം പരിഗണിച്ചതിനുംശേഷം വായ്പയും അതിന്റെ പലിശയും, അതതു സംഗതിപോലെ, പൂർണ്ണമായോ ഭാഗികമായോ, കൊടുത്തുതീർത്തതായി രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പാസാക്കാവുന്നതാണ്.

6. വസ്തുവിന്റെ കൈവശം പുനഃസ്ഥാപിക്കൽ.—അധമർണ്ണൻ ഒരു ഹർജി ഫയൽ ചെയ്താൽ, അയാൾക്ക് നൽകിയ വായ്പയുടെയോ അതിന്മേലുള്ള പലിശയുടെയോ തിരിച്ചടവിലേക്കായി ഏതെങ്കിലും ആൾ കൈവശപ്പെടുത്തിയ സ്ഥാവരമോ ജംഗമമോ ആയ വസ്തു എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ കൈവശം പുനഃസ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

7. സ്വേച്ഛയാ വെളിപ്പെടുത്തൽ.—അമിതപലിശ ഈടാക്കുന്ന ഏതൊരാൾക്കും, ഈ ആക്റ്റ് നിലവിൽവരുന്ന തീയതിമുതൽ ഒരു മാസത്തിനകം, അയാൾ നൽകുന്ന വായ്പ കളിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ മാത്രം പലിശ ഈടാക്കാനുള്ള അയാളുടെ ഉദ്ദേശ്യം വെളിപ്പെടുത്തിക്കൊണ്ടുള്ള ഒരു ഹർജി കോടതി മുൻപാകെ ഫയൽ ചെയ്യാവുന്നതും അങ്ങനെ വെളിപ്പെടുത്തിയാൽ, അങ്ങനെയുള്ള വായ്പയെ സംബന്ധിച്ചിടത്തോളമുള്ള പലിശ പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ ആയിരിക്കേണ്ടതും, അങ്ങനെയുള്ള വായ്പയുമായി ബന്ധപ്പെട്ട്, ഈ ആക്റ്റിൻകീഴിലുള്ള കുറ്റങ്ങൾക്ക് യാതൊരു പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

8. പലിശ വകവയ്ക്കൽ.—വായ്പ, അതിന്മേലുള്ള പലിശയുൾപ്പെടെ, തീർക്കുന്നതിനുവേണ്ടി അധമർണ്ണൻ ഫയൽ ചെയ്യുന്ന ഹർജിയിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിനുപുറമേ കൂടിയ നിരക്കിൽ എന്തെങ്കിലും പലിശ, അധമർണ്ണൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് വായ്പയിലേക്ക് വകവയ്ക്കുന്നതിന് കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

9. ശിക്ഷ.—(1) 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

(ബി) ഏതെങ്കിലും വായ്പ ഈടാക്കുന്നതിലേക്കായി ഏതെങ്കിലും അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ അങ്ങനെ പീഡിപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ഒരുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

ആകുന്നു.

(2) വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും ആളോ അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയും തത്ഫലമായും, അതിനെ തുടർന്നും അധമർണ്ണൻ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നിടത്ത്, വായ്പ നൽകിയ ആൾ, കുറ്റസ്ഥാപനത്തിൻമേൽ, അഞ്ചുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

10. കോടതി ഫീസ്.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഒരു ഹർജി സംബന്ധിച്ച് നൽകേണ്ടുന്ന കോടതി ഫീസ് നൂറ് രൂപ ആയിരിക്കുന്നതാണ്.

11. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

12. 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) വ്യവസ്ഥകൾ ബാധകമാകൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) വ്യവസ്ഥകൾ പണം കടം കൊടുപ്പുകാർക്ക് ബാധകമായിട്ടുള്ളിടത്തോളം, ആവശ്യമായ മാറ്റങ്ങളോടെ, ഈ ആക്റ്റിലെ 3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരാൾക്ക് ബാധകമായിരിക്കുന്നതാണ്.

വിശദീകരണം:—ഒരാളുടെ ഒരു പ്രവൃത്തി ഈ ആക്റ്റിൻകീഴിലും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൻ (1958-ലെ 35) കീഴിലും ഒരു കുറ്റമായിരിക്കുന്ന സംഗതിയിൽ ഈ ആക്റ്റിൻകീഴിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ഓർഡിനൻസ് (2012-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം

ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2012 ഡിസംബർ 11.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*